ഉത്തരം

(എ) ദേശീയ കുടുംബക്ഷേമപദ്ധതി പ്രകാരം ധനസഹായം ലഭിക്കുവാൻ ശ്രീമതി വസന്ത നെടുമങ്ങാട് താലൂക്ക് ഓഫീസിൽ അപേക്ഷ നല്കിയിരുന്നു. അപേക്ഷയിൽമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫണ്ടിന്റെ അഭാവത്താലാണ് ധനസഹായം നല്കുവാൻ കഴിയാത്തത്.

(സി) ഫണ്ട് ലഭിച്ചാലുടൻതന്നെ ധനസഹായം നല്കുന്നതാണ്.

കാലവർഷക്കെടുതിയെ തുടർന്ന് മാറ്റിപ്പാർപ്പിച്ചവർ

71 (2095) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിക്ക് ഇരയായ എത്ര കുടുംബങ്ങളെ 2000 ജൂൺ മാസത്തിനുശേഷം മാറ്റിപ്പാർപ്പിച്ചിട്ടുണ്ട് ;

(ബി) കൊല്ലം ജില്ലയിൽ കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2000 ജൂൺ മാസത്തിൽ 21 ദുരിതാശ്വാസ ക്യാമ്പുകളിലായി 10,987 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ടായിരുന്നു. ജൂൺ മാസത്തിനുശേഷം ആരെയും മാറ്റിപ്പാർപ്പിച്ചിട്ടില്ല.

(ബി) കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ ഇരവിപുരം, മുണ്ടയ്ക്കൽ, മയ്യനാട്, കോട്ടപ്പുറം, പരവൂർ, ശക്തികുളങ്ങര, വെസ്റ്റ് കൊല്ലം എന്നീ സ്ഥലങ്ങളും, കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, പൽമന എന്നീ സ്ഥലങ്ങളും കടലാക്രമണഭീഷണി നേരിടുന്നു.

സീതത്തോട് ഉരുൾപൊട്ടലിൽ സ്ഥലം നഷ്ടപ്പെട്ടവർക്ക് സ്ഥലം നൽകാൻ നടപടി

72 (2097) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലുപേർ മരണപ്പെട്ട സീതത്തോട് ഉരുൾപൊട്ടൽ നടന്നിട്ട് എത്രവർഷമായി ;

(ബി) ഇവിടെ വീടും ഭൂമിയും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് സ്ഥലം നൽകാൻ തീരുമാനിച്ചത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്രപേർക്ക് ഭൂമി നൽകി എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ഥലം നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെടുമോ ;

(എഫ്) ഇവർക്ക് സ്ഥലം നൽകുവാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 13-7-1998- ലാണ് ഉരുൾപ്പൊട്ടൽ ഉണ്ടായത്.

(ബി&സി) വീടും സ്ഥലവും നഷ്ടപ്പെട്ട ആറ് കുടുംബങ്ങൾക്ക് വീട് വച്ചുകൊടുക്കുന്നതിനായി പഞ്ചായത്ത് അധികൃതരും, എം.എൽ.എ. യും തഹസിൽദാരും ഉൾപ്പെടെയുള്ളവർ വിലയ്ക്കുവാങ്ങാനുള്ള സ്ഥലം കണ്ടെത്തിയിരുന്നു. എന്നാൽ ഇതിൽ രണ്ട് കുടുംബങ്ങൾക്ക് ജനകീയാസൂത്രണപദ്ധതി പ്രകാരം വീട് വച്ച് നല്കി. രണ്ട് കുടുംബങ്ങൾക്ക് സ്ഥലം വേണ്ടെന്നും ധനസഹായം മതിയെന്നും അപേക്ഷിച്ചു. വേറെ ഒരു കുടുംബത്തിന് സീതത്തോട് വില്ലേജിൽ തന്നെ ഒരേക്കർ സ്ഥലമുണ്ട്. ഈ കുടുംബം ഇപ്പോൾ മലയാലപ്പുഴ വില്ലേജിൽ സ്വന്തം സ്ഥലത്ത് താമസിക്കുന്നു. ഈ അഞ്ച് കുടുംബങ്ങൾക്കും സ്ഥലം വേണ്ടയെന്ന സാഹചര്യത്തിൽ ബാക്കിയുള്ള ഒരു കുടുംബത്തിനാണ് സ്ഥലം നൽകാനുള്ളത്.

(ഡി) തഹസിൽദാർ, റാന്നി.

(ഇ) വീഴ്ച വരുത്തിയിട്ടില്ല.

(എഫ്) ബാക്കിയുള്ള ഒരു കുടുംബത്തിന് 4 സെന്റ് പുറംപോക്ക് ഭൂമി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

മാനന്തവാടി താലൂക്കിലുണ്ടായ നാശനഷ്ടങ്ങൾ

73 (2098) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ഈ വർഷത്തെ കാലവർഷക്കെടുതിയിൽ ഇതുവരെ എന്ത് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കാലവർഷക്കെടുതിയിൽ മാനന്തവാടി താലൂക്കിൽ ഇതുവരെയുള്ള നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഇതിലേയ്ക്കായി എത്ര തുക നഷ്ടപരിഹാരമായി നൽകിയെന്നും എന്ത് ദുരിതാശ്വാസ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ഈ വർഷത്തെ കാലവർഷക്കെടുതിമൂലം രണ്ട് പേർ മരണമടഞ്ഞു. 638 വീടുകൾ ഭാഗികമായും 32 വീടുകൾ പൂർണ്ണമായും നശിച്ചു. 289.4 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചു. ഒരു ദുരിതാശ്വാസ ക്യാമ്പ് തുറന്ന് അഞ്ച് കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly